LIBRARY ARCHIVES Kerala Legislative Assembly

കേരള പരിപ്രേക്ഷ്യ പദ്ധതി

45 (1419) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവൽസര/വാർഷിക പദ്ധതികളെ കേരള പരിപ്രേക്ഷ്യ പദ്ധതിയുമായി സംയോജിപ്പിക്കാൻ വിശദമായ പ്രോജക്ട് റിപ്പോർട്ടും ആക്ഷൻ പ്ലാനും തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഏത് ഏജൻസിയേയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഏജൻസിക്കുവേണ്ടി ഇതിനകം എത്ര തുക ചെലവായി ;

(ഡി) ഇതിനുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ഇതിനകം ചെലവഴിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിനായി ഏജൻസികളെ ഒന്നുംതന്നെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപ പരിപ്രേക്ഷ്യ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള ആശയങ്ങളെയും നിർദ്ദേശങ്ങളെയും വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുവാൻ കഴിയുന്ന തരത്തിൽ കർമ്മ പദ്ധതികളും റിപ്പോർട്ടുകളും തയ്യാറാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട പരിപാടികൾ തയ്യാറാക്കുന്നതിനുമായി വിവിധ വകുപ്പുകൾക്കായി 15 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. പരിപ്രേക്ഷ്യ പദ്ധതി സംയോജിപ്പിച്ചുകൊണ്ടുള്ള പ്രോജക്ട് പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

സി-ഡിറ്റിലെ വിജിലൻസ് അന്വേഷണം

46 (1420) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ പാഴ്സൽ സേവനത്തിലേയ്ക്കായി കൊറിയർ ഏജൻസികളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്;